ട്രാൻസ്പോർട്ട് കമ്മീഷണറേറ്റ് തിരുവനന്തപുരം
554

നമ്പർ. ജി3/ഇ-39286/2017/റ്റി സി

ട്രാൻസ്പോർട്ട് കമ്മീഷണറേറ്റ്, കേരളം,


രണ്ടാം നില, ട്രാൻസ് ടവേഴ്സ്, വഴുതക്കാട്, തൈക്കാട് പി.ഒ തിരുവനന്തപുരം - 14,
[☎0471-2333337/2333317 ഫാക്സ് 0471-2333314]
www.mvd.kerala.gov.in [ഇ-മെയിൽ - tcoffice@keralamvd.gov.in ]


തീയതി. 03/04/2018.

## സർക്കുലർ നമ്പർ. 08/2018

വിഷയം :- ***മോട്ടോർ വാഹന വകുപ്പ്*** — ജീവനക്കാർക്കെതിരെയുള്ള അച്ചടക്കനടപടിയുടെ വിശദാംശങ്ങൾ സർവ്വീസിൽ ബുക്കിലും സ്പാർക്കിലും രേഖപ്പെടുത്തുന്നത് - സംബന്ധിച്ച്.

സൂചന :- 23/08/2017 ലെ അക്കൗണ്ട്സ് ഓഫീസറുടെ റിപ്പോർട്ട്.

സർക്കാർ തലത്തിലും വകുപ്പ തലത്തിലും ജീവനക്കാർക്കെതിരെ പലവിധത്തിലുള്ള അച്ചടക്ക നടപടികളും സ്വീകരിക്കുന്നുണ്ട്. ഇത്തരം ശിക്ഷാനടപടികൾക്ക് വിധേയരാകുന്ന ജീവനക്കാരുടെ വാർഷിക ഇൻക്രിമെന്റുകൾ തടയുക, മറ്റ ശിക്ഷാനടപടികൾ സ്വീകരിക്കുക എന്നിവ സൂചിപ്പിക്കുന്ന ഉത്തരവുകൾ ബന്ധപ്പെട്ട ഓഫീസുകളിലേയ്ക്ക് അയച്ചുകൊടുക്കുന്നുണ്ടെങ്കിലും അവയൊന്നും തന്നെ ശിക്ഷാനടപടികൾക്ക് വിധേയരായവരുടെ സർവ്വീസ് ബുക്കുകളിൽ രേഖപ്പെടുത്താറില്ല. അതിനാൽ ‘തരംതാഴ്ത്തൽ ’, ‘ഇൻക്രിമെന്റ് തടഞ്ഞുവയ്ക്കൽ ’ തുടങ്ങിയ ശിക്ഷാനടപടികൾ വകുപ്പുതലത്തിൽ കൈക്കൊള്ളുന്നുണ്ടെങ്കിലും ഈ വിവരം സർവ്വീസ് ബുക്കുകളിൽ രേഖപ്പെടുത്തി നടപടികൾ കൈക്കൊള്ളാത്തതിനാൽ ഫലത്തിൽ ശിക്ഷ നടപ്പാക്കാത്ത സാഹചര്യമാണ് നിലനിൽക്കുന്നത്.

ഈ സാഹചര്യത്തിൽ എല്ലാ ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർമാരും/റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാരും/ജോയിന്റ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാരും അവരവരുടെ കീഴിലുള്ള ഉദ്യോഗസ്ഥരുടെ അച്ചടക്ക നടപടികൾ തീർപ്പാക്കുന്ന മുറയ്ക്ക് സർവ്വീസിൽ ബുക്കിൽ രേഖപ്പെടുത്തിയതിന്റെ പകർപ്പും സ്പാർക്കിൽ രേഖപ്പെടുത്തിയതിന്റെ സ്ക്രീൻ ഷോട്ടും അച്ചടക്ക നടപടി തീർപ്പാക്കിയുള്ള ഉത്തരവ് കൈപ്പറ്റി 7 ദിവസത്തിനകം അയച്ച് നൽകണമെന്ന് അറിയിക്കുന്നു. ഇതിൽ വീഴ്ച വരുത്തുന്നവർക്കെതിരെ കർശന നടപടി സ്വീകരിക്കുന്നതാണ്.

(ഒപ്പ്)
ട്രാൻസ്പോർട്ട് കമ്മീഷണർ

സ്വീകർത്താവ്,

1). എല്ലാ ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർമാർക്കും,
2). എല്ലാ റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാരും / ജോയിന്റ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാരും.
3). ഓഫീസ് കോപ്പി / സ്റ്റോക്ക് ഫയൽ .

അംഗീകാരത്തോടെ,

ജൂനിയർ സൂപ്രണ്ട് 4/18